**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2147** — **01-09-2022 - ൽ മറുപടിയ്ക്ക്**

**മാരകരോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിലവിൽ മാരകരോഗങ്ങളായി പരിഗണിക്കുന്ന രോഗങ്ങൾ ഏതൊക്കെയെന്നും പ്രസ്തുത രോഗങ്ങളുടെ ചികിത്സയ്ക്കായി സർക്കാർ മേഖലയിൽ നിലവിൽ നൽകിവരുന്ന ആരോഗ്യ ഇൻഷുറൻസ്, ചികിത്സാ സേവനങ്ങൾ എന്നിവ എന്തൊക്കെയെന്നും വ്യക്തമാക്കുമോ; | (എ) | ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, പക്ഷാഘാതം മുതലായ രോഗങ്ങളെ നിലവിൽ മാരക രോഗങ്ങളായി കണക്കാക്കുന്നുണ്ട്. ഈ രോഗങ്ങൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, ആരോഗ്യ കിരണം, കാരുണ്യ ബെനവലന്റ് ഫണ്ട്, ഹൃദ്യം, ക്യാൻസർ സുരക്ഷാ പദ്ധതി എന്നിവ വഴി ചികിത്സാ സേവനങ്ങൾ നൽകി വരുന്നു. |
| (ബി) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം മേൽപറഞ്ഞ മാരകരോഗങ്ങൾ ബാധിച്ച ആളുകൾ, അവരിൽ സർക്കാർ മേഖലയിൽ ചികിത്സ തേടിയ ആളുകൾ, രോഗം ചികിത്സിച്ച് ഭേദമായവർ, പ്രസ്തുത രോഗങ്ങൾ മൂലം മരണപ്പെട്ട ആളുകൾ എന്നിവരുടെ എണ്ണം ഓരോ രോഗം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം മേൽപറഞ്ഞ മാരകരോഗങ്ങൾ ബാധിച്ച ആളുകളുടെ ആരോഗ്യ വകുപ്പിന് കീഴിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടിയ ആളുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| **രോഗം** | **ചികിത്സ തേടിയ രോഗികൾ** | **മരണപ്പെട്ടവരുടെ എണ്ണം** |
|---|---|---|
| ഹൃദ്രോഗം | 1855725 | 9527 |
| വൃക്കരോഗം | 111362 | 3064 |
| പക്ഷാഘാതം | 98115 | 4418 |
| ക്യാൻസർ | 177031 | 12729 |

സെക്ഷൻ ഓഫീസർ